(രജിസ്റ്റർ ചെയ്ത കൈപ്പറ്റചീട്ട് സഹിതം)

നം.കെ.എസ്.എ.ഐഡി.കെ-7/1127/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി ജില്ല, തൊടുപുഴ

Phone No : 04862 227332

*E-mail : doidk.ksad@kerala.gov.in*

തീയതി. 14.08.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

സർ

വിഷയം : കരിങ്കുന്നം ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ്സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ഐഡി.കെ-7/127/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി ജില്ല, തൊടുപുഴ

Phone No : 04862 227332

*E-mail : doidk.ksad@kerala.gov.in*

തീയതി. 14.08.2017

ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ **2016-2017** സാമ്പത്തിക

## വർഷത്തെ
## ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994**ലെ കേരളാ പഞ്ചായത്ത് രാജ് നിയമം **-** വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **-** വകുപ്പ് **13,**
**1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**.)**

*************************

ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 25.11.2016 മുതൽ 25.07.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം.വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.07.2017 മുതൽ 01.08.2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സൂസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ധനജയൻ റ്റി.എസ് | ഓഡിറ്റ് ഓഫീസർ |
| | മരുൺ മാത്യു | അസി.ഓഡിറ്റ് ഓഫീസർ |
| | ജിബി ഇ.വി | സിനി.ഗ്രേഡ് ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ബീന ബിജു | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ബെന്നി എ.ആർ | 01.04.2016 മുതൽ 16.12.2016 വരെ |
| | സുരേഷ് .എം | 17.12.2016 മുതൽ 31.03.2017വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ. റേച്ചൽ പി.ജോസഫ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽഓഫീസർ(ആയുർവ്വേദം) | ഡോ. ജ്യോതി ലക്ഷ്മി എൽ. | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. ബിന്ദു തെരേസ പി. ജെ | 01.04.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | സബിത കെ. എം | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സുധർമ്മണിയമ്മ എൽ. | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജിജിമോൻ ജോസഫ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ലൂസി ജോർജ്ജ് | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ജിനേഷ് ജിൻസ് | 01.04.2016 മുതൽ 30.06.2016 വരെ |
| | ഐവി കോശി | 01.07.2016 മുതൽ 31.03.2017 വരെ |
| അസി. എഞ്ചിനീയർ | കുട്ടിച്ചൻ എം. കല്ലട | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 – പൊതുഅവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രിക അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-1 |
| 14 | വസ്തുനികുതി സംബന്ധിച്ച അപാകതകൾ | 2-2 |
| 15 | വാടക കുടിശ്ശിക സംബന്ധിച്ച് | 2-3 |
| 16 | ഓഡിറ്റ് ഇംപാക്ട് - ₹1,000/- അടവാക്കി | 2-4 |
| 17 | വസ്തുനികുതി പിരിവിൽ ഉദാസീനത - വൻ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു | 2-5 |
| | ഭാഗം 3 | |
| 18 | പഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിടനിർമ്മാണം – സേവന നികുതി പഞ്ചായത്ത് ഫണ്ടിൽ നിന്ന് ഒടുക്കിയിരിക്കുന്നു | 3-1 |

| | | |
|---|---|---|
| 19 | ബാലസഭ അധിക തുക നൽകിയത് അംഗീകരിക്കുന്നില്ല - നിരാകരണം - ₹5,000/- | 3-2 |
| 20 | തൊഴിലുറപ്പ് പദ്ധതിക്കായി നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന് നികുതി ഒടുക്കിയിട്ടില്ല | 3-3 |
| 21 | ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കിയില്ല | 3-4 |
| 22 | ഓണം അഡ്വാൻസ് തിരികെ നൽകിയത് - രസീത് ഹാജരാക്കിയില്ല | 3-5 |
| 23 | തെരുവ് വിളക്കുകൾ - രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3-6 |
| 24 | വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച് | 3-7 |
| 25 | തെരുവ് നായ്ക്കളുടെ നിയന്ത്രണം - ജില്ലാപഞ്ചായത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല | 3-8 |
| 26 | മുൻകൂർ തിരികെ ഈടാക്കിയിട്ടില്ല | 3-9 |
| 27 | എസ്.എസ്.എ - വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-10 |
| 28 | ന്യൂട്രിമിക്സ് യൂണിറ്റുകൾ ഉപഭോക്താക്കൾക്ക് ചില്ല കുപ്പി വിതരണം ചെയ്തില്ല | 3-11 |
| 29 | കരിങ്കുന്നം പി.എച്ച്.സി.-യ്ക്ക് മരുന്ന് വാങ്ങൽ - അപാകതകൾ | 3-12 |
| 30 | രേഖകൾ ഹാജരാക്കിയില്ല | 3-13 |
| 31 | കേരളോൽസവം - അഡ്വാൻസ് നൽകിയത് സംബന്ധിച്ച് | 3-14 |
| 32 | തെങ്ങിന് ജൈവവളം വിതരണം -അപാകതകൾ | 3-15 |
| 33 | സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ- അപാകതകൾ | 3-16 |
| | ഭാഗം 4 | |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 43 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം – 1 |


****************************

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 25.02.2016 തീയതിയിലെ നമ്പർ 1 തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിക്കാവുന്ന വരവ് ₹5,52,03,278/-യും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് ₹5,45,58,275/-യും നീക്കിയിരിപ്പ് ₹6,45,003/-യുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.05.2017 | 30.06.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹73,24,095.41 |
| വരവ് | ₹2,80,89,307.00 |
| ആകെ | ₹3,54,13,402.41 |
| ചെലവ് | ₹2,49,45,188.00 |
| നീക്കിയിരിപ്പ് | ₹1,04,68,214.41 |

## 1-5 ഫണ്ട് വിനിയോഗം

എ) പദ്ധതി പണം നഷ്ടപ്പെട്ടതിന്റെ വിവരം

| ഫണ്ടിനം | ബഡ്ജറ്റ് അലോട്ട്മെന്റ് ₹ | മുൻ ബാക്കി ₹ | തൻവർഷ അലോട്ട്മെന്റ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി യിരിപ്പ് ₹ | ചെലവ് ശതമാനം | സഞ്ചിത നിധി യിലേക്ക് തിരികെ പോയ തുക ₹ |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 6730825 | 0 | 67,30,825 | 67,30,825 | 58,48,734 | 0 | 86.8 | 882091 |
| വികസനഫണ്ട് എസ്.സി.പി. | 1764012 | 0 | 17,64,012 | 17,64,012 | 13,10,000 | 0 | 74.26 | 454012 |
| വികസനഫണ്ട് ടി.എസ്.പി. | 242040 | 0 | 2,42,040 | 2,42,040 | 1,02,000 | 0 | 42 | 140040 |
| സംരക്ഷണഗ്രാന്റ് റോഡ് | 6632448 | 0 | 66,32,448 | 66,32,448 | 39,27,146 | 0 | 59.2 | 2705302 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2686782 | 0 | 26,86,782 | 26,86,782 | 13,75,380 | 0 | 51.1 | 1311402 |
| 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 3774596 | 0 | 37,74,596 | 37,74,596 | 10,87,600 | 0 | 28.8 | 2686996 |
| ലോകബാങ്ക് ധനസഹായം | 3846844 | 0 | 3846844 | 3846844 | 1057215 | 0 | 27.4 | 2789629 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 48 | 75,55,035 | 75,55,083 | 75,53,973 | 1110 | 99.98 | 0 |
| ബി-ഫണ്ട് | 0 | 0 | 42,06,105 | 42,06,105 | 42,06,105 | 0 | 100 | 0 |

ബി) നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക ₹ | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 9 | 22,39,145 | 8 | 17,40,188 | 77.71 |
| അസി. എഞ്ചിനീയർ | 25 | 2,33,17,144 | 15 | 51,07,648 | 21.90 |
| കൃഷി ഓഫീസർ | 1 | 23,60,000 | 1 | 1,43,250 | 6 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 60,000 | 1 | 60,000 | 100 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 2 | 7,50,000 | 2 | 7,50,000 | 100 |
| വെറ്ററിനറി സർജൻ | 3 | 34,43,500 | 3 | 8,99,350 | 26.11 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 2,00,000 | 1 | 2,00,000 | 100 |
| വി.ഇ.ഒ. | 14 | 53,01,600 | 12 | 38,99,600 | 73.55 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 26,12,489 | 4 | 25,00,676 | 95.72 |
| ഹെഡ് മാസ്റ്റർ ഗവ. എൽ.പി.എസ്. | 2 | 3,10,000 | 1 | 2,30,000 | 74.19 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 62 | 2,55,45,520 | 48 | 1,47,08,155 | 1 | 13 | 57.7 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 108.99 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം ₹ | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 23,04,315 | 53,30,607 | 30,26,292 | 131.33 |
| നികുതിയേതര വരവുകൾ | 6,51,937 | 8,00,580 | 1,48,643 | 22.80 |
| മറ്റ് വരവുകൾ | 38,974 | 1,28,685 | 89,711 | 230.18 |
| ആകെ | 29,95,226 | 62,59,872 | 32,64,646 | 108.99 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22,800 | 35 |
| കർഷകതൊഴിലാളി പെൻഷൻ | 5,64,100 | 309 |
| വിധവാപെൻഷൻ | 9,24,050 | 359 |
| വാർദ്ധക്യകാലപെൻഷൻ | 22,47,650 | 884 |
| വികലാംഗപെൻഷൻ | 3,99,455 | 165 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായവർക്കുള്ള പെൻഷൻ | 48,050 | 18 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.07.2017ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹3,353/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം

രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നതിൽ അലംഭാവം കാണുന്നു. ഓരോ ഇനത്തിലെ ഫയലുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രത്യേകമായി സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഓഫീസ് പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.06.17, 29.06.17 | 6/2017 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.08.2008 | 1997-1998 & 2007-2008 | 20.10.2008 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2016-17ലെ വാർഷിക കണക്കുകളിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1) വസ്തുനികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കണക്കും സാംഖ്യയിലെ കണക്കും പൊരുത്തപ്പെടുന്നില്ല.

2) ഡി & ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവയുടെ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4) വസ്തുനികുതി കുടിശ്ശികയ്ക്ക് തൻവർഷ കണക്കുപ്രകാരമുള്ള കിട്ടാക്കടത്തിനുള്ള പ്രോവിഷൻ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

*******************

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. 2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും വിശദ വിവരം ആവശ്യപ്പെട്ട് എൻക്വയറി നം.10 കൊടുത്തതിന് മറുപടി ലഭിച്ചിട്ടില്ല. മൊബൈൽ ടവറുകളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും വസ്തുനികുതി മൊബൈൽ ടവർ സ്ഥാപിച്ച വർഷം മുതൽ നിർണ്ണയിച്ച് കാലഹരണപ്പെട്ട് പോകാതെ ഈടാക്കേണ്ടതാണ്.

### 2-2 വസ്തുനികുതി സംബന്ധിച്ച അപാകതകൾ

2016-17 വർഷത്തെ വസ്തുനികുതിയുടെ തൻവർഷത്തെയും കുടിശ്ശികകളുടെയും ഡി.സി.ബി.-യുമായി ബന്ധപ്പെട്ട വിവരങ്ങൾ സഞ്ചയയിലും സാംഖ്യയിലും തയ്യാറാക്കിയതും ഇന്റഗ്രേറ്റ് ചെയ്തതും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

സാംഖ്യ-സഞ്ചയ കണക്കുകളിൽ വ്യത്യാസം

2016-17 വർഷത്തെ സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക കണക്ക്, സഞ്ചയ അടിസ്ഥാനമാക്കിയുള്ള വസ്തുനികുതി, ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന പ്രകാരം വ്യത്യാസം കാണുന്നു.

എ) 2016-17 വർഷം സഞ്ചയ-സാംഖ്യ എന്നിവയിലെ വസ്തുനികുതി ഡിമാന്റിലുണ്ടായ വ്യത്യാസം ചുവടെ ചേർക്കുന്നു.

| സഞ്ചയ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ് | സാംഖ്യ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ് | വ്യത്യാസം |
|---|---|---|
| ₹27,36,984/- | ₹27,37,971/- | ₹987/- |

ബി) 2016-17 വർഷം സഞ്ചയ-സാംഖ്യ എന്നിവയിലെ വസ്തുനികുതി കളക്ഷനിലുണ്ടായ വ്യത്യാസം ചുവടെ ചേർക്കുന്നു.

| സഞ്ചയ പ്രകാരമുള്ള വസ്തുനികുതി കളക്ഷൻ | സാംഖ്യ പ്രകാരമുള്ള വസ്തുനികുതി കളക്ഷൻ | വ്യത്യാസം |
|---|---|---|
| ₹47,13,835/- | ₹43,66,243/- | ₹3,47,592/- |

സഞ്ചയയിൽ വരവ് വന്നിരിക്കുന്ന തുക യഥാർത്ഥ വരവിലും കൂടുതലായിരിക്കുന്നതിന്റെ കാരണം

വ്യക്തമാക്കേണ്ടതാണ്.

സി) 2016-17 വർഷം സഞ്ചയ-സാംഖ്യ എന്നിവയിലെ വസ്തുനികതി കുടിശ്ശികയിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| കുടിശ്ശിക വിവരം | സഞ്ചയ പ്രകാരമുള്ള വസ്തുനികുതി | വാർഷിക കണക്കുകൾ പ്രകാരമുള്ള വസ്തുനികുതി ₹ | വ്യത്യാസം ₹ |
|---|---|---|---|
| Residential building Current | ₹20,93,653/- | 18,92,767 | 2,00,886 |
| Non Residential building Current | | | |
| Residential building Arrear | ₹28,57,369/- | 24,73,476 | 3,83,893 |
| Non Residential Building Arrear | | | |

2013-14 സാമ്പത്തിക വർഷത്തിന് മുമ്പുള്ള കുടിശ്ശികകൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അരിയർ ഡിമാന്റ് രജിസ്റ്റർ യഥാവിധി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിച്ച് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. 2013-14 വർഷത്തിന് മുമ്പുള്ള കുടിശ്ശികകൾ സഞ്ചയയിൽ മാന്വലായി ജനറേറ്റ് ചെയ്ത് നൽകിയിട്ടില്ലാത്തതിനാലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്.

Discrepancy solving steps-ലൂടെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## 2-3 വാടക കുടിശ്ശിക സംബന്ധിച്ച്

2016-17 സാമ്പത്തിക വർഷം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടക ഇനത്തിൽ ₹19,651/- ഈടാക്കുവാൻ അവശേഷിക്കുന്നു.

വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | റൂം നം | ആകെ വാടക | ഒടുക്കിയ വാടക | ബാക്കി |
|---|---|---|---|---|
| 1 | 9/277 | ₹11,030/- | ₹6,618/- | ₹4,412/- |
| 2 | 9/278 | ₹10,740/- | ₹3,222/- | ₹7,518/- |
| 3 | 9/279 | ₹11,030/- | ₹3,309/- | ₹7,721/- |
| | | | | ₹19,651/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. പ്രസ്തുത വാടകക്കാരുമായി കരാറിൽ

ഏർപ്പെട്ടിട്ടുള്ളതിനാൽ ടിയാളുകളിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 ഓഡിറ്റ് ഇംപാക്ട് - ₹1,000/- അടവാക്കി

03.06.2017ലെ ആകെ കളക്ഷൻ തുക ₹2,941/-യായിരുന്നു. ഇതിൽ ₹1,941/- മാത്രമാണ് ബാങ്കിൽ അടവ് വരുത്തിയത് ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതനുസരിച്ച് അടവിൽ കുറവ് വന്ന ₹1,000/- ഓഡിറ്റ് കാലയളവിൽ രസീത് നം.120211201200006, തീ.28.07.2017ൽ പഞ്ചായത്ത് തനത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

## 2-5 വസ്തുനികുതി പിരിവിൽ ഉദാസീനത - വൻ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

2016-17 വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് ₹22,82,998/-യാണ്. വസ്തുനികുതി സംബന്ധമായ രജിസ്റ്ററുകൾ പ്രകാരം വസ്തുനികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് ₹23,13,770/-യാണ്. നാളിതുവരെ പഞ്ചായത്ത് പരിധിയിൽപ്പെട്ട മൊബൈൽ ടവറുകളുടെ വസ്തുനികുതി ഡിമാൻറ് ചെയ്തിട്ടില്ല. വസ്തുനികുതി സംബന്ധമായ രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. കൃത്യമായ രേഖകളുടെയും ഫീൽഡ് പ്രവർത്തനങ്ങളുടെയും അഭാവം മൂലം വൻതുക തനത് വരുമാനത്തിൽ നഷ്ടപ്പെടുന്നതിന് കാരണമാകുന്നു. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

************************

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്ത് ഓഫീസിന് പുതിയകെട്ടിടനിർമ്മാണം - സേവന നികുതി പഞ്ചായത്ത് ഫണ്ടിൽ നിന്ന് ഒടുക്കിയിരിക്കുന്നു

| | |
|---|---|
| നിർവ്വഹണം | അസി. എഞ്ചിനീയർ |
| പ്രോജക്ട് നം. | 50/17 |
| അടങ്കൽ | ₹45,00,000/- |
| ബിൽ നം./ചെക്ക് നം. | 6/16-17 തീ. 30.03.17 ₹10,57,295/-<br>076471/10.04.2017 ₹1,00,000/- |
| കരാറുകാരൻ | കുര്യാക്കോസ് ജോൺ<br>ആലിങ്കൽ കൺസ്ട്രക്ഷൻസ് |

| | |
|---|---|
| കരാർ നം | 8/16-17/തീ.16.01.2017 |

ഈ പ്രവൃത്തിയുടെ പാർട്ട് ബിൽ പ്രകാരമുള്ള അളവ് മൂല്യം കണക്കാക്കി ബിൽ തയ്യാറാക്കിയിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | | ₹12,13,097.20 |
| കുറയ്ക്കുക – റീടെൻഷൻ10% | | ₹1,21,310.00 |
| | | ₹10,91,787.00 |
| കൂട്ടുക – സർവ്വീസ് ടാക്സ് 6% | | ₹65,509.00 |
| | | (**)₹11,57,295.00 |
| കുറയ്ക്കുക - വാറ്റ് 4% | ₹43,671.00 | |
| ആദായ നികുതി 2% | ₹21,836.00 | ₹76,425.00 |
| നിർമ്മാണ തൊളിലാളി ക്ഷേമനിധി വിഹിതം 1% | ₹10,918.00 | |
| | | ₹10,80,870.00 |

(**) ആകെ തുക കൂട്ടുമ്പോൾ ₹11,57,296.60 ആണ് വരേണ്ട തുക. എം. ബുക്ക് പ്രകാരമുള്ള തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ആകെ പ്രവൃത്തിമൂല്യത്തിന്റെ കൂടെ സേവനനികുതി കൂടെ കൂട്ടി കിട്ടിയ തുകയാണ് കരാറുകാരന് നൽകിയത്. ടി സേവന നികുതി തുക കരാറുകാരൻ ഒടുക്കിയതിന്റെ രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഫലത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ₹65,509/-യാണ് കരാറുകാരൻ സേവന നികുതിയായി ഒടുക്കിയിരിക്കുന്നത്. 1994ലെ ഫിനാൻസ് ആക്ട് സെക്ഷൻ 70 പ്രകാരം രജിസ്ട്രേഷൻ നടത്തിയിട്ടുള്ളയവർ അർദ്ധ വാർഷികമായി റിട്ടേൺ സമർപ്പിക്കേണ്ടതാണ്. ഈ പ്രവൃത്തിയുടെ കരാറുകാരൻ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളതിനാൽ സമർപ്പിക്കുന്ന റിട്ടേണിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും സേവന നികുതി ഇനത്തിൽ നൽകിയ തുകയും ഉൾപ്പെടും. കരാറുകാരനിൽ നിന്ന് ഈടാക്കിയാണ് സേവന നികുതി ഒടുക്കേണ്ടിയിരുന്നത്. ഇതിന് വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ നിന്ന് നികുതി തുക നൽകി കരാറുകാരൻ ഒടുക്കിയതിനാൽ ₹65,509/-ന്റെ നഷ്ടം സംഭവിച്ചിരിക്കുന്നു. ഈ നഷ്ടം പദ്ധതി നിർവ്വഹണത്തിനായി കരാറുകാരന് തുടർന്നും നൽകുന്ന തുകയിൽ നിന്ന് ക്രമീകരിക്കുകയോ, നിർവ്വഹണോദ്യോഗസ്ഥനായ അസി. എഞ്ചിനീയറിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-2 ബാലസഭ അധിക തുക നൽകിയത് അംഗീകരിക്കുന്നില്ല - നിരാകരണം -

**₹5,000/-**

| | |
|---|---|
| ബിൽ നമ്പർ/തീയതി/തുക | 28/16-17/28.03.2017, ₹40,000/- |
| അടങ്കൽ | ₹4,00,000/- |
| പ്രോജക്ട് നം. | 3/17 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

കുട്ടികളുടെ അവകാശങ്ങൾ ഉറപ്പ് വരുത്തുന്നതിനായി കുടുംബശ്രീ രൂപീകരിച്ചിട്ടുള്ള ബാലസഭയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ₹35,000/- വരെ അനുവദിക്കാൻ 06.05.2015ലെ ജി.ഒ.(ആർ.ടി)1363/2015 ത.സ്വ.ഭ.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മേൽ വിവരിച്ചിട്ടുള്ള ബിൽ പ്രകാരം ബാലസഭയ്ക്ക് ചെലവഴിക്കുന്നതിനായി ₹40,000/- പിൻവലിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പാലിക്കാതെ അധികമായി നൽകിയ തുക ₹5,000/- ഉത്തരവാദിയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-3 തൊഴിലുറപ്പ് പദ്ധതിക്കായി നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന് നികുതി ഒടുക്കിയിട്ടില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കരിങ്കുന്നം ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം നടപ്പാക്കിയതും 2016-17 വർഷം തുക നൽകിയതുമായ താഴെ പറയുന്ന പ്രവൃത്തികൾക്കായി ഉപയോഗിച്ചിട്ടുള്ള നിർമ്മാണ സാമഗ്രികൾ സപ്ലൈ ചെയ്തിട്ടുള്ളത് ശ്രീ. സണ്ണി കെ.എ., കട്ടക്കയം വീട്, കരിങ്കുന്നം എന്നയാളാണ്. ഇതിനായി ₹1,79,957/- ഈ കരാറുകാരന് നൽകിയിട്ടുണ്ട്. അദ്ദേഹം വാണിജ്യ നികുതി വകുപ്പിന്റെ അംഗീകാരമുള്ള വിൽപ്പന ബിൽ ഹാജരാക്കാതിരുന്നിട്ടും അദ്ദേഹത്തിന് നൽകിയ ബിൽ തുകയിൽ നിന്നും ബാധകമായ മൂല്യവർദ്ധിത നികുതി കുറവ് ചെയ്ത് സർക്കാരിൽ ഒടുക്കിയിട്ടില്ല.

1) ഒളമറ്റം ഉറവപ്പാറ റോഡ് കോൺക്രീറ്റിംഗ്

എം. ബുക്ക് നം. 84/15-16

വൗച്ചർ നം./തീയതി : 21600081/11.05.2016 ₹44,027/-

| ക്രമ നം. | ഇനം | നിരക്ക് | അളവ് (എം3) | തുക (₹) | ഈടാക്കേണ്ട നികുതി 14.5% |
|---|---|---|---|---|---|
| 1 | 40 എം.എം. മെറ്റൽ | 1054/എം3 | 6.41 | 6756.14 | |
| 2 | 20 എം.എം. മെറ്റൽ | 1099/എം3 | 4 | 4396 | |

| | | | | | |
|---|---|---|---|---|---|
| 3 | എം.സാന്റ് | 2375/എം3 | 5.26 | 12492.50 | |
| 4 | സിമന്റ് | 7723/ടൺ | 2639.25 കി.ഗ്രാം | 20382.92 | |
| | | | ആകെ | 44027.56 | 6383.99 |

2) മ്രാല – പുളിഞ്ചുവട് റോഡ് കോൺക്രീറ്റിംഗ്

എം. ബുക്ക് നം. 76/15-16

വൗച്ചർ നം./തീയതി: 21600082/11.05.2016 ₹80,749/-

| ക്രമ നം. | ഇനം | നിരക്ക് | അളവ് (എം3) | തുക (₹) | ഈടാക്കേണ്ട നികുതി 14.5% |
|---|---|---|---|---|---|
| 1 | 40 എം.എം. മെറ്റൽ | 1054/എം3 | 11.75 | 12384.50 | |
| 2 | 20 എം.എം. മെറ്റൽ | 1099/എം3 | 7.40 | 8132.60 | |
| 3 | എം.സാന്റ് | 2375/എം3 | 9.63 | 22871.25 | |
| 4 | സിമന്റ് | 7723/ടൺ | 4837.77 കി.ഗ്രാം | 37362.09 | |
| | | | ആകെ | 80749 | 11,708.60 |

3) തെക്കേകണ്ണോത്ത് റോഡ് കോൺക്രീറ്റിംഗ്

എം.ബുക്ക് നം.77/15-16

വൗച്ചർ നം./തീയതി: 21600080/11.05.2016 ₹55,181/-

| ക്രമ നം. | ഇനം | നിരക്ക് | അളവ് (എം3) | തുക (₹) | ഈടാക്കേണ്ട നികുതി 14.5% |
|---|---|---|---|---|---|
| 1 | 40 എം.എം. മെറ്റൽ | 1054/എം3 | 8.05 | 8484.70 | |
| 2 | 20 എം.എം. മെറ്റൽ | 1099/എം3 | 5 | 5495 | |
| 3 | എം.സാന്റ് | 2375/എം3 | 6.57 | 15603.75 | |
| 4 | സിമന്റ് | 7723/ടൺ | 3314.58 കി.ഗ്രാം | 25598.50 | |

| | | | | | |
|---|---|---|---|---|---|
| | | | ആകെ | 55181.95 | 8,001.38 |

ആകെ = ₹26,084/-

സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും മൂല്യവർദ്ധിത നികുതി ഈടാക്കാതെ ₹1,79,957/- നൽകിയതിനാൽ തുകയുടെ 14.5% തുകയായ ₹26,094/- നികുതിയിനത്തിൽ സംസ്ഥാന സർക്കാരിന് നഷ്ടമുണ്ടായിരിക്കുന്നു. ഇക്കാര്യം വിൽപ്പന നികുതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. വാറ്റ് തുക ഈടാക്കാത്തതിനാൽ അധികമായി കരാറുകാരന് നൽകിയ ₹26,094/- തടസ്സപ്പെടുത്തുന്നു.

## 3-4 ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | S0013/17, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | ₹60,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | ബിൽ നം. 1/16-17 തീയതി. 21.12.2016 ₹60,000/- |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രാകാരം 2016-17 വർഷം മേൽ സൂചിത ബിൽ പ്രകാരം ₹60,000/- കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ഓണം അഡ്വാൻസ് തിരികെ നൽകിയത് - രസീത് ഹാജരാക്കിയില്ല

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 614/16-17/28.03.2017 | ₹9,000/- |

കുമാരമംഗലം ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലം മാറി വന്ന സെക്രട്ടറി ശ്രീ. എം. സുരേഷിന്റെ ഓണം അഡ്വാൻസ് തുകയായ ₹9,000/- ശമ്പളത്തിൽ നിന്നും പിടിച്ച് കുമാരമംഗലം ഗ്രാമപഞ്ചായത്തിലേക്ക് തിരിച്ചടച്ചിട്ടുണ്ടെങ്കിലും ആയതിന്റെ രസീത് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

രേഖകളുടെ അഭാവത്തിൽ ₹9,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 തെരുവ് വിളക്കുകൾ - രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ തൻവർഷം 4/16 മാസം മുതൽ 3/17 വരെ, പ്രതിമാസം ₹5,162/- നിരക്കിൽ ₹61,944/- തെരുവ് വിളക്കുളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ സംസ്ഥാന വൈദ്യുതി ബോർഡിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഇനം, ബൾബ്, സോഡിയം വേപ്പർ ലാമ്പ് തുടങ്ങിയവയുടെ എണ്ണം, പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയ വിശദാംശങ്ങൾ ഇവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. 12.03.2013-ലെ 65529/ഡി.സി.3 /12/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച്

തൻവർഷം ഗ്രാമപഞ്ചായത്തിൽ വെള്ളക്കരം ഇനത്തിൽ 156 ടാപ്പുകൾക്ക് 4/16 മുതൽ 3/17 വരെ പ്രതിമാസം ₹68,250/- നിരക്കിൽ ആകെ ₹8,19,000/- ഒടുക്കിയിട്ടുണ്ട്. 159 ടാപ്പുകളിൽ പ്രവർത്തിക്കുന്നവയെത്ര, പ്രവർത്തിക്കാത്തവയെത്ര തുടങ്ങിയവ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. മാത്രമല്ല, വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തുമായി സംയുക്ത പരിശോധന നടത്തണമെന്ന 28.09.2011ലെ ജി.ഒ.(ആർ.ടി.)2242/2011/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിരിക്കെ നാളിതുവരെയും സംയുക്ത പരിശോധന നടത്തിയിട്ടില്ല. താമസംവിനാ സംയുക്ത പരിശോധന നടത്തി വെള്ളക്കരം അധികമായി ഒടുക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-8 തെരുവ് നായ്ക്കളുടെ നിയന്ത്രണം - ജില്ലാപഞ്ചായത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

| | |
|---|---|
| ചെക്ക് നമ്പർ/തീയതി | 191596/16.02.2017 |
| തുക | ₹1,00,000/- |
| പദ്ധതി നം. | 64/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ, ലഘുലേഖ വിതരണം എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച തെരുവ് നായ്ക്കളുടെ നിയന്ത്രണം എന്ന പദ്ധതിയുടെ ചെലവിലേയ്ക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ജില്ലാപഞ്ചായത്തിന്റെ യൂണിയൻ ബാങ്കിലുള്ള 346702010025411 നമ്പർ അക്കൗണ്ടിലേയ്ക്ക് 16.02.2017ൽ ₹1,00,000/- ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ വിവരം സംബന്ധിച്ച രേഖകൾ ലഭ്യമല്ലാത്തതിനാൽ ₹1,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 മുൻകൂർ തിരികെ ഈടാക്കിയിട്ടില്ല

| വൗച്ചർ നമ്പർ/തീയതി | തുക |
|---|---|
| 21600371/07.09.2016 | ₹15,000/- |

പഞ്ചായത്തിൽ സെക്രട്ടറിയായിരുന്ന ശ്രീ. ബെന്നി എ. ആർ.-ന് ഓണം മുൻകൂർ ഇനത്തിൽ മേൽ സൂചിത വൗച്ചർ പ്രകാരം ₹15,000/- നൽകിയിട്ടുണ്ടെങ്കിലും ₹9,000 മാത്രമേ നാളിതുവരെ തിരികെ ഈടാക്കിയിട്ടുള്ളൂ. ഈടാക്കാൻ അവശേഷിക്കുന്ന ₹6,000/- ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. സർക്കുലർ നമ്പർ 21384/എ.സി-3/11/ത.സ്വ.ഭ.വ/തീയതി.04-06-2011ലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 3-10 എസ്.എസ്.എ - വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പദ്ധതി നം & പദ്ധതി | 51/2017 – എസ്.എസ്.എ. വിഹിതം അടയ്ക്കൽ |
| ബിൽനം./തീയതി | 1/2016-17 /20.10.2016 |
| തുക | ₹2,30,000/- |

എസ്.എസ്.എ.-യുടെ പഞ്ചായത്ത് വിഹിതമായി ₹2,30,000/- തൊടുപുഴയിലുള്ള ഇടുക്കി ജില്ലാ എസ്.എസ്.എ. പ്രോജക്ട് ഓഫീസിൽ അടച്ചിട്ടുണ്ട്. തുക ലഭിച്ചതിന്റെ രസീത് മാത്രമാണ് സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്. എസ്.എസ്.എ. തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെല്ലാം സ്കൂളുകളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പാക്കിയെന്നുള്ള എന്ന വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. രേഖകളുടെ അഭാവത്തിൽ ₹2,30,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 ന്യൂട്രിമിക്സ് യൂണിറ്റുകൾ ഉപഭോക്താക്കൾക്ക് ചില്ല് കുപ്പി വിതരണം ചെയ്തില്ല

സർക്കാർ ഉത്തരവ് നം.(സാധാ)159/2017/തസ്വഭവ/19.01.17 പ്രകാരം ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന യൂണിറ്റുകൾ ഉപഭോക്താക്കൾക്ക് ഓരോ ചില്ല് കുപ്പി വീതം നൽകണമെന്നും അത് ന്യൂട്രിമിക്സ് അടച്ച് സൂക്ഷിക്കാനാണെന്ന് അമ്മമാരെ ബോധവൽക്കരിക്കേണ്ടതാണെന്നുള്ള നിബന്ധനയോടെ സമഗ്ര പൂരക പോഷകാഹാര പരിപാടി പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന ന്യൂട്രിമിക്സിന്റെ വില കിലോഗ്രാമിന് ₹56/-ൽ നിന്ന് ₹70/- ആയി വർദ്ധിപ്പിച്ചിരുന്നു. ന്യൂട്രിമിക്സ് യൂണിറ്റുകൾ ജനവരി 2017 മുതൽ വർദ്ധിപ്പിച്ച നിരക്കിലാണ് ന്യൂട്രിമിക്സ് നൽകുന്നത്. എന്നാൽ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച ചില്ല് കുപ്പി നാളിതുവരെ നൽകിയിട്ടില്ല. അടിയന്തിരമായി ന്യൂട്രിമിക്സ് യൂണിറ്റുകളിൽനിന്നും ചില്ല് കുപ്പി ലഭ്യമാക്കി ഉപഭോക്താക്കൾക്ക് നൽകേണ്ടതാണ്.

## 3-12 കരിങ്കുന്നം പി.എച്ച്.സി.-യ്ക്ക് മരുന്ന് വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് | S0019/17, കരിങ്കുന്നം പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹3,00,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| ബിൽ നം./തീയതി | 4/16-17/20.01.2017 ₹98,681/-<br>6/16-17/18.02.2017 ₹2,01,319/-<br>ആകെ ₹3,00,000/- |

മേൽ സൂചിത പദ്ധതി പ്രകാരം 2016-17 വർഷം പി.എച്ച്.സി.-യിലേക്ക് മരുന്ന് വാങ്ങുന്നതിന് ₹3,00,000/- ചെലവ് ചെയ്തിരിക്കുന്നു. രണ്ട് ലക്ഷം രൂപയിൽ കൂടിയ വാങ്ങലുകൾ ടെണ്ടർ നടപടിയിലൂടെ വേണം എന്ന പ്രോക്യൂർമെന്റ് മാന്വലിലെ നിബന്ധന പാലിക്കാതെ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് ക്വട്ടേഷൻ വാങ്ങിയാണ് മരുന്ന് വാങ്ങിയിരിക്കുന്നത്. ക്വട്ടേഷൻ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടില്ല. ലഭിച്ച ക്വട്ടേഷനിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ മൂവാറ്റുപുഴ നീതി മെഡിക്കൽ സ്റ്റോറിൽ നിന്നുമാണ് മരുന്ന് വാങ്ങിയിരിക്കുന്നത്. വാങ്ങിയ 23 ഇനം മരുന്നിൽ 7 ഇനങ്ങൾ ക്വട്ടേഷനിൽ ഉൾപ്പെടുത്തുകയോ നിരക്ക് രേഖപ്പെടുത്തുകയോ ചെയ്യാതെയാണ് വാങ്ങിയിട്ടുള്ളത്. ₹1,01,419/- ബിൽ തുകയുള്ള മരുന്നുകൾ ക്വട്ടേഷനിൽ രേഖപ്പെടുത്താത്ത ഇനമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നീതി മെഡിക്കൽ സ്റ്റോറിലെ ബിൽ വിവരം:

| ക്രമ നം. | ബിൽ നം./തീയതി | തുക (₹) |
|---|---|---|
| 1 | 29800/17.11.2016 | 98,681 |
| 2 | 34940/ 30.12.2016 | 98,013 |
| 3 | 37255/ 18.01.2017 | 91,304 |
| 4 | 37289/ 19.01.2017 | 12,002 |
| | ആകെ | 3,00,000 |

ക്വട്ടേഷനിൽ ഉൾപ്പെടാത്ത ഇനങ്ങൾ വാങ്ങിയതിന്റെ വിവരം:

| ക്രമ നം. | ഇനം | അളവ് (എണ്ണം) | നിരക്ക് (₹) | തുക ₹ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | NICOPENTA 40 MG | 400 | 58 | 23,200 |
| 2 | AIR 10 MG | 3000 | 5.34 | 16,020 |
| 3 | 3D GEL | 500 | 44.75 | 22,375 |
| 4 | FLUTIVIN SPRAY | 4 | 180 | 720 |
| 5 | CAVMOX 625 | 1500 | 16.93 | 25,398 |
| 6 | PERTEN 50 | 4200 | 2.17 | 9,130 |
| 7 | GLYCOZEN TAB | 5000 | 0.92 | 4,575 |
| | ആകെ | | | 1,01,419 |

സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള വാങ്ങൽ നടപടിക്രമം പാലിക്കാത്തതിനാൽ ചെലവ് തുക ₹3,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 രേഖകൾ ഹാജരാക്കിയില്ല

| വൗച്ചർ നമ്പർ/തീയതി | തുക |
|---|---|
| 21600661 /06.02.2017 | ₹4,000/- |

ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും പഞ്ചായത്ത് ദിനാഘോഷ പരിപാടിയിൽ പങ്കെടുക്കുന്നതിന് വേണ്ടിയുള്ള താമസ ചെലവിലേക്കായി (മുറി വാടകയ്ക്കായി) മേൽ സൂചിത വൗച്ചർ പ്രകാരം ₹4,000/- മുൻകൂറായി പിൻവലിച്ചിട്ടുണ്ട്. മാത്രമല്ല, മുൻകൂർ തട്ടിക്കിഴിച്ചതിന്റെ രേഖകളും ഹാജരാക്കിയില്ല. എന്നാൽ ടി തുക ആര് കൈപ്പറ്റിയെന്നോ, പിന്നീട് തട്ടിക്കിഴിച്ചതിന്റെ രേഖകളോ പരിശോധയ്ക്ക് ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ₹4,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക കൈപ്പറ്റിയതിന്റെയും തട്ടിക്കിഴിച്ചതിന്റെയും രേഖകൾ ലഭ്യമല്ലെങ്കിൽ 18% പലിശസഹിതം തുക ഉത്തരവാദിയായ സെക്രട്ടറി തിരിച്ചടക്കേണ്ടതാണ്.

## 3-14 കേരളോൽസവം - അഡ്വാൻസ് നൽകിയത് സംബന്ധിച്ച് -

| വൗച്ചർ നമ്പർ/തീയതി | തുക |
|---|---|
| 21600532/19.11.16 | ₹10,000/- |

കേരളോൽസവം നടത്തിപ്പിനായി മേൽ സൂചിത വൗച്ചർ പ്രകാരം ₹10,000/- അഡ്വാൻസായി പിൻവലിച്ചിട്ടുണ്ട്. എന്നാൽ ടി തുക ആർക്കാണ് നൽകിയത്, തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ₹10,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-15 തെങ്ങിന് ജൈവവളം വിതരണം - അപാകതകൾ

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്ട് നം | 15/17 |
| അടങ്കൽ | ₹2,36,000/- (വികസനഫണ്ട് ₹1,77,000/- ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത് ₹59,000/-) |
| ബിൽ നം. | 1/16-17 തീ.27.02.17 ₹56,250/-<br>2/16-17 തീ.17.03.17 ₹45,000/-<br>4/16-17 തീ. 24.03.17 ₹30,000/-<br>5/16-17 തീ.30.03.17 ₹12,000/- |

ഒരു ഗുണഭോക്താവിന് പരമാവധി ഒരു യൂണിറ്റിന് ₹1,000/-യുടെ ജൈവവളം കേരസമിതി/തെങ്ങ് ക്ലസ്റ്റർ ഗ്രൂപ്പുകളുടെ സഹായത്തോടെകൂടി സർക്കാർ അംഗീകൃത സ്ഥലങ്ങളിൽ നിന്നോ അഗ്രോ സർവ്വീസ് സെന്റർ മുഖേനയോ വാങ്ങി വിതരണം ചെയ്യാനുള്ള പദ്ധതിയാണിത്. മേൽ ബിൽ പ്രകാരം മാറിയ തുകകൾ 191 ഗുണഭോക്താക്കൾ 50 kg വീതം ജീവാമീൽ എന്ന ജൈവവളം വാങ്ങിയതിന് ഒരു ഗുണഭോക്താവിന് ₹750/- വീതം സബ്സിഡിയായി നൽകുന്നതിന് ചെലവഴിച്ചിരിക്കുന്നു.

പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.ജി.ഒ.(എം.എസ്)4/2016/തസ്വഭവ/11.01.2016 (12-ാം പദ്ധതി പുതുക്കിയ മാർഗ്ഗരേഖ) ക്രമ നം 3.1പ്രകാരം നാമമാത്ര കർഷകർ (ഒരു ഹെക്ടറോ അതിൽ കുറവോ ഭൂമിയുള്ളവർ) മാത്രം ആണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. എന്നാൽ നാമമാത്ര കർഷകരല്ലാത്ത താഴെപ്പറയുന്ന 10 വ്യക്തികൾക്ക് ധനസഹായം നൽകിയിട്ടുള്ളതായി കാണുന്നു.

| ക്രമനം | ധനസഹായം കൈപ്പറ്റിയ വ്യക്തി | കരം അടച്ച രസീത് പ്രകാരം സ്ഥലവിസ്തൃതി ഹെക്ടർ.ആർ. ക്രമത്തിൽ | അനുവദിച്ച ധനസഹായം ₹ |
|---|---|---|---|
| 1 | ജിമ്മി ജോസഫ് | 03.14.60 | 750 |
| 2 | തോമസ് ജോസഫ് | 01.10.25 | 750 |

| | | | |
|---|---|---|---|
| 3 | കെ.സി.ബേബി | 01.27.50 | 750 |
| 4 | ജിസ് മോൻ അബ്രഹാം | 2.38.63 | 750 |
| 5 | ഫിലോമിന സെബാസ്റ്റ്യൻ | 01.41.00 | 750 |
| 6 | ഭായ് മാത്യു | 01.60.59 | 750 |
| 7 | കുര്യാക്കോസ് നെല്ലിക്കുന്നേൽ | 01.43.80 | 750 |
| 8 | തങ്കച്ചൻ ജെയിംസ് തേക്കിലക്കാട്ടിൽ | 00.167.00 | 750 |
| 9 | അലക്സാണ്ടർ മത്തായി | 01.84.53 | 750 |
| 10 | ചിന്നമ്മ ജോസഫ് | 01.58.65 | 750 |
| | ആകെ | | 7500 |

2.ജൈവവളം കേരസമിതി/തെങ്ങ് ക്ലസ്റ്റർ ഗ്രൂപ്പുകളുടെ സഹായത്തോടുകൂടി സർക്കാർ അംഗീകൃത സ്ഥലങ്ങളിൽ നിന്നോ അഗ്രോ സർവ്വീസ് സെന്റർ മുഖേനയോ വാങ്ങി വിതരണം ചെയ്യാനായിരുന്നു പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ഇതിന് വിരുദ്ധമായി ഗുണഭോക്താക്കൾ നേരിട്ട് കരിങ്കുന്നം സർവ്വീസ് സഹകരണബാങ്ക്, തൊടുപുഴ താലൂക്ക് സഹകരണ മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് ലിമിറ്റഡ്, രാമപുരം സർവ്വീസ് സഹകരണ ബാങ്ക് എന്നിങ്ങനെ വ്യത്യസ്ത സ്ഥാപനങ്ങളിൽനിന്ന് വളം വാങ്ങിയ ബില്ലുകളുടെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിച്ചിരിക്കുന്നത്.

3.ജി.ഒ.(എം.എസ്)4/2016/തസ്വഭവ/11.01.2016 (12-ാം പദ്ധതി പുതുക്കിയമാർഗ്ഗ രേഖ ) ക്രമനം 3.1പ്രകാരം സബ്സിഡി തുക പണമായി അനുവദിക്കാൻ പാടില്ല. ഇതിന് വിരുദ്ധമായി വളംവാങ്ങി ബില്ലുകളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പണം നൽകിയിരിക്കുന്നു.

4.ജീവാമീൽ എന്ന ഉത്പന്നത്തിന്റെ ഗുണനിലവാരം പരിശോധിച്ചതിന്റെ രേഖകളോ, അംഗീകൃത നിരക്കോ പരിശോധനക്ക് ഹാജരാക്കിയില്ല.

5. സ്ഥല വിസ്തൃതിയുടെയോ, തെങ്ങുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലോ അല്ല സബ്സിഡി തുക അനുവദിച്ചിരിക്കുന്നത്. 10സെന്റ് മുതൽ ഒരു ഹെക്ടർവരെ സ്ഥലമുള്ളവർക്കും 5 തെങ്ങ് മുതൽ 75 തെങ്ങുകൾ വരെയുള്ളവർക്കും ഒരേ നിരക്കിൽ സബ്സിഡി അനുവദിച്ചിരിക്കുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.10 ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ ക്രമനം 2 മുതൽ 5 വരെയുള്ള അപാകതകളുടെ കാര്യത്തിൽ തുടർന്ന് പദ്ധതി നടപ്പാക്കുമ്പോൾ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാൻ

കൂടുതൽ ജാഗ്രത കാണിക്കണമെന്ന് നിർദ്ദേശിക്കുന്നു. ക്രമനം. 1 പ്രകാരമുള്ള നഷ്ടം ₹7,500/- നിർവ്വഹണോദ്യോഗസ്ഥയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-16 സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ- അപാകതകൾ

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| പ്രോജക്ട് നം. | 56/17 |
| അടങ്കൽ | ₹4,67,923/- |
| ബിൽ നം | 19/16-17 തീ.23.03.17 ₹3,67,200/- |

എൽ.ഇ.ഡി തെരുവ് വിളക്കുകൾ (ബൾബ്) ഫിറ്റിംഗ്സ് വിത്ത് ഓട്ടോമാറ്റിക് കൺട്രോളർ 23 വാട്ട്സ്, 230 വോൾട്ട്സ് വാട്ടർ പ്രൂഫ് ₹1,692/- നിരക്കിൽ 208 എണ്ണത്തിന് ആകെ ₹3,51,936/-ക്ക് വാങ്ങുക. ബൾബ് കൺട്രോൾ ഫിറ്റിംഗ് & ഇറക്ഷൻ/സൂപ്പർവിഷൻ ചാർജ്ജ് കെ.എസ്.ഇ.ബി-ക്ക് ₹10,600/- ബൾബ് സ്ഥാപിക്കുന്നതിനുള്ള കൂലി ₹1,05,387/- എന്നിങ്ങനെ ആകെ അടങ്കൽ ₹4,67,923/-യുടെ പദ്ധതിയായിരുന്നു ഇത്.

പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ടെണ്ടർ ഫാറവില വാങ്ങിയിട്ടില്ല

തെരുവ് വിളക്കുകളുടെ വിലയും ഫിറ്റിംഗ് ചാർജ്ജും ഉൾപ്പെടുന്ന ക്വട്ടേഷന്റെ എസ്റ്റിമേറ്റ് തുക ₹4,57,323/- ആണ്. ഇതിന്റെ ടെണ്ടർ ഫോറവിലയായി ഈടാക്കേണ്ടിയിരുന്നത് 0.2% തുകയായ ₹920/-യും 14.5% വാറ്റുമാണ് അതായത് ₹1053.4 വീതം പ്രസ്തുത ടെണ്ടറിൽ പങ്കെടുത്തവർ എഡിസൺ ഇലക്ട്രിക്കൽസ് തിരുവാങ്കുളം, ഭാരത് ഇലക്ട്രിക്കൽസ് ചോറ്റാനിക്കര, യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻസ്ട്രീസ് ലിമിറ്റഡ് കൊല്ലം എന്നീ 3 സ്ഥാപനങ്ങളാണ്. ഈ മൂന്ന് സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ഫോറവില ഈടാക്കാതെയാണ് ടെണ്ടർ ഫോറം വിൽപ്പന നടത്തിയിരിക്കുന്നത്. സംസ്ഥാനത്തിന് അകത്ത് പ്രവർത്തിക്കുന്നതും സ്റ്റോർ പർച്ചേസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിരിക്കുന്നതുമായ ചെറുകിട വ്യവസായ യൂണിറ്റുകളെ ടെണ്ടർ ഫോറവില അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച സ്ഥാപനങ്ങളൊന്നും അത്തരത്തിലുള്ളവയാണ് എന്നതിന് രേഖകൾ ഹാജരാക്കിയിട്ടില്ല. ₹3,160/-യുടെ നഷ്ടം ഈ രീതിയിൽ സംഭവിച്ചിരിക്കുന്നു.

2. വ്യക്തമായ പഠനം നടത്താതെ പദ്ധതി തയ്യാറാക്കിയിരിക്കുന്നു.

അംഗീകാരം ലഭിച്ച പദ്ധതി പ്രകാരം 23 വാട്ട്സ്, 230 വോൾട്ട്സ്, വാട്ടർ പ്രൂഫ് എൽ.ഇ.ഡി തെരുവ് വിളക്കുകൾ (ബൾബ്) ഫിറ്റിംഗ്സ് വിത്ത് ഓട്ടോമാറ്റിക് കൺട്രോളർ-ന് വകയിരുത്തിയിരുന്ന നിരക്ക് ₹1,692/- ഫിറ്റിംഗ് ചാർജ്ജ്

₹506.67 ഉൾപ്പെടെ ₹2198.67 മാത്രമാണ്. എന്നാൽ ടെണ്ടറിൽ പങ്കെടുത്തവരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത് തന്നെ ₹3,400/- ആണ്. വിലയിൽ വലിയ വ്യതാസം സംഭവിച്ചതിനാൽ 208 എണ്ണത്തിന് പകരം 108 എണ്ണം മാത്രമാണ് വാങ്ങാൻ സാധിച്ചത്.

3. കെ.എസ്.ഇ.ബി.-യുടെ അനുമതിയോ, പൂർത്തീകരണ സാക്ഷ്യപത്രമോ ലഭിച്ചിട്ടില്ല. എന്നാൽ പഞ്ചായത്ത് അംഗങ്ങളുടെ ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച സാക്ഷ്യപത്രങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ടെണ്ടർ ഫോറവില ഇനത്തിലെ നഷ്ടം ₹3,160/- നിർവ്വഹണം നടത്തിയ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. വാങ്ങൽ നടപടികൾ നടത്തുമ്പോൾ 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ' പാലിക്കാൻ തുടർന്ന് ശ്രദ്ധിക്കേണ്ടതാണ്.

************************

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

– ഇല്ല –

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

– ഇല്ല –

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

– ഇല്ല –

### 4-4 വായ്പ/വായ്പ തിരിച്ചടവ്

– ഇല്ല –

### 4-5 സ്ഥിര നിക്ഷേപങ്ങൾ

– ഇല്ല –

### 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഈയിനത്തിൽ തൻവർഷം ലഭിച്ച ₹38,197/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീതി നം./തീയതി |
|---|---|---|---|---|
| 2007-08 | 3-13 | 9918 | റോയി ഐസക്ക് എ. ഇ. | 11601100379/28.05.16 |
| 2007-08 | 3-17 | 3291 | ലൂസി ജോർജ്ജ് | 1601100399/31.05.16 |
| 2007-08 | 3-5 | 8254 | മറിയാമ്മ ജോർജ്ജ് എ. ഇ. | 11601100917/17.08.16 |
| 2008-09 | 3-5 | 2339 | റ്റി. എം. മത്തായി എ. ഇ. | 11601100917/17.08.16 |
| 2008-09 | 3-5 | 3381 | സി.എസ്.സിനോഷ് എ.ഇ | 11601100917/17.08.16 |
| 2009-10 | 3-5 | 2300 | വി.പി.രാജപ്പൻ യു.ഡി.സി | 11601101215/24.10.16 |
| 1997-98 | 43 | 3253 | സി.എൻ.വൽസല സെക്രട്ടറി | 11601101241/27.10.16 |
| 2005-06 | 3-12 | 855 | റോയി ഐസക്ക് എ. ഇ. | 11601100380/28.05.16 |
| 2005-06 | 3-13 | 1130 | റോയി ഐസക്ക് എ. ഇ. | 11601100380/28.05.16 |
| 2005-06 | 3-6 | 496 | റോയി ഐസക്ക് എ. ഇ. | 11601100556/16.06.16 |
| 2008-09 | 2-9 | 480 | സെക്രട്ടറി | 11601100281/4.05..16 |
| 2008-09 | 2-9 | 2500 | സെക്രട്ടറി | 11601100280/4.05.16 |
| | ആകെ | 38197 | | |

## **4-7** <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം</u>

– ഇല്ല –

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹2,80,89,307 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹2,49,45,188 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹12,500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹6,79,094 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-2 | - | ₹5,000/- | ശ്രീജ എസ്. നായർ, വി.ഇ.ഒ. |
| 3-15 | - | ₹7,500/- | ഐവി കോശി, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 26,094 | എ. ആർ. ബെന്നി, സെക്രട്ടറി |

| | | |
|---|---|---|
| 3-5 | 9,000 | എം.സുരേഷ്, സെക്രട്ടറി |
| 3-8 | 1,00,000 | ഡോ. ജിജിമോൻ ജോസഫ്, വെറ്ററിനറി സർജൻ |
| 3-10 | 2,30,000 | എ. ആർ. ബെന്നി, സെക്രട്ടറി |
| 3-12 | 3,00,000 | ഡോ. റേച്ചൽ പി. ജോസഫ്, മെഡിക്കൽ ഓഫീസർ |
| 3-14 | 4,000 | എം.സുരേഷ്, സെക്രട്ടറി |
| 3-15 | 10,000 | എ. ആർ ബെന്നി, സെക്രട്ടറി |
| ആകെ | 6,79,094 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഐവി കോശി<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>കരിങ്കുന്നം | അറുക്കാക്കൽ, ഞറുക്കുറ്റി<br>വണ്ടമറ്റം പി. ഒ. |
| ശ്രീജ എസ്. നായർ<br>വി.ഇ.ഒ. | വി.ഇ.ഒ.<br>കരിങ്കുന്നം | വടക്കേപുത്തൻവീട്, ഇറവൂർ,<br>ആര്യനാട് പി.ഒ.,<br>തിരുവനന്തപുരം |

| | | |
|---|---|---|
| | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഐ. 7-64/99/10.09.1999 |
| 1997-98 | എൽ.എഫ്.ഐ. 7-707/200/30.11.2000 |
| 1998-99 | എൽ.എഫ്.ഐ. 7-172/2000/31.07.2000 |
| 1999-2000 | എൽ.എഫ്.ഐ. 7-250/2001/15.10.2001 |
| 2000-01 | എൽ.എഫ്.ഐ. 7-627/2001/15.10.2001 |
| 2001-02 | എൽ.എഫ്.ഐ. 7-449/2003/13.05.2005 |
| 2002-03 | എൽ.എഫ്.ഐ. 7-227/2005/13.05.2005 |
| 2003-04 | എൽ.എഫ്.ഐ. 7-709/2007/14.05.2007 |
| 2004-05 | എൽ.എഫ്.ഐ. 7-67/2008/03.09.2008 |
| 2005-06 | എൽ.എഫ്.ഐ. 7-68/2008/09.09.2008 |
| 2006-07 | എൽ.എഫ്.ഐ. 7-1079/2008/20.03.2009 |
| 2007-08 | എൽ.എഫ്.ഐ. 7-113/2010/10.12.2000 |
| 2008-09 | എൽ.എഫ്.ഐ. 8/206/2011/19.08.2011 |
| 2009-10 | എൽ.എഫ്.ഐ. 8-226/2012/20.06.2012 |
| 2010-11 & 2011-12 | എൽ.എഫ്.ഐ. 8-596/2013/29.08.2013 |
| 2012-13 & 2013-14 | എൽ.എഫ്.ഐ. 7-177/2015/07.03.2015 |

| | |
|---|---|
| | |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ.7/830/2016/23.06.2016 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.7/1598/16/09.12.2016 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

അനുബന്ധം

ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഐഡി.കെ-7/1127/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി ജില്ല, തൊടുപുഴ

Phone No : 04862 227332

*E-mail : doidk.ksad@kerala.gov.in*

തീയതി. 14.08.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ

ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ **2016-17** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ **2016-17** ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK.-7/1127/2017

Kerala State Audit Department

District Audit Office

Idukki, Thodupuzha
Phone No : 04862 227332
*E-mail : doidk.ksad@kerala.gov.in*
Date. 14.08.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of **KARIMKUNNAM** Grama Panchayat in **Idukki** District for the year ended on **31-03-2017** in accordance with Section ‘4’ of the Kerala Local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **KARIMKUNNAM** Grama Panchayath for the year **2016-17** except the observations in my audit report properly presents the picture of income and expenditure .

**DEPUTY DIRECTOR**
**KERALA STATE AUDIT DEPARTMENT**